**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5647** **27.03.2018-ൽ മറുപടിയ്ക്ക്**

## മോട്ടോർ വാഹന വകുപ്പിനെ അഴിമതിമുക്തമാക്കുന്നതിന് നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. സ്വരാജ് | | ശ്രീ. എ . കെ . ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മോട്ടോർ വാഹന വകുപ്പിനെ അഴിമതിമുക്തമാക്കുന്നതിലേക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ; | (എ) | മോട്ടോർ വാഹന വകുപ്പിൽ കൈക്കൂലിയും അഴിമതിയും ഒഴിവാക്കുന്നതിനുവേണ്ടി വകുപ്പുതല പരിശോധന സംവിധാനം നിലവിലുണ്ട്. ഈ സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് മാത്രമല്ല, ജനങ്ങൾക്ക് നേരിട്ട് സേവനം ലഭിക്കുന്നതിനുവേണ്ടി ഫീസുകളും പുതിയ സ്വകാര്യവാഹനങ്ങളുടെ നികുതികളും<br>ഇ-പേയ്മെന്റ് വഴി ഒടുക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. |
| (ബി) | വകുപ്പിന്റെ നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിനും സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി)യും<br>(സി)യും | കേന്ദ്രീകൃത സംവിധാനത്തിലുള്ള വാഹൻ-സാരഥി സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള നടപടിക്രമങ്ങൾ ഘട്ടം ഘട്ടമായി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ഇതിന്റെ ആദ്യപടിയായി ലൈസൻസ് അധിഷ്ഠിത സേവനങ്ങൾ സാരഥി വഴി പരീക്ഷണരീതിയിൽ (ലേണേഴ്സ് ലൈസൻസ്, പുതിയ ഡ്രൈവിംഗ് ലൈസൻസ്) മൂന്ന് ഓഫീസുകളിൽ - ആർ.ടി.ഒ.(എൻ.എസ്), തിരുവനന്തപുരം, ആർ.ടി.ഒ., ആലപ്പുഴ, സബ് ആർ. ടി.ഒ., കരുനാഗപ്പള്ളി - നടപ്പിലാക്കിയിട്ടുണ്ട്. ആർ.ടി.ഒ.(എൻ.എസ്)-ൽ ബാക്കി ലൈസൻസ് സേവനങ്ങളും ഉടൻ |
| (സി) | എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ? | | |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. നിലവിൽ സാരഥിയിൽ ഉള്ള സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ചാൽ മാത്രമേ സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും ഈ സംവിധാനം നടപ്പിലാക്കാൻ കഴിയുകയുള്ളൂ. വാഹനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾ നൽകുന്ന വെബ് അധിഷ്ഠിത വാഹൻ സോഫ്റ്റ് വെയർ പരീക്ഷണഘട്ടത്തിലാണ്. ഇതിലെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച ശേഷം പരീക്ഷണ രീതിയിൽ സബ് ആർ.ടി.ഒ., നെയ്യാറ്റിൻകരയിലും നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.<br><br>കൂടുതൽ കമ്പ്യൂട്ടറൈസ്ഡ് ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്ക് മുഖേന ഡ്രൈവിംഗ് ലൈസൻസ് നൽകുന്നത് വഴി ടെസ്റ്റിംഗിന് ഏകീകൃത സ്വഭാവം കൈക്കൊള്ളാനും അഴിമതി സാധ്യത ഇല്ലാതാക്കാനും സാധിക്കുന്നതാണ്.<br><br>കൂടുതൽ കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ തുടങ്ങുന്നതുവഴി വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന കുറ്റമറ്റതും സുതാര്യവും ഏകീകൃതവും ആക്കാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ